**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2002** — **01-09-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങി എത്തുന്ന പ്രവാസികൾക്കായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **സംസ്ഥാനത്ത് വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങി എത്തുന്ന പ്രവാസികൾക്കായി നോർക്ക റൂട്ട്സ് മുഖേന നൽകിവരുന്ന വിവിധ സഹായങ്ങളും പദ്ധതികളും താഴെ കാണാവുന്നതാണ്.**<br><br>**1. സാന്ത്വന:-** പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് 1 ലക്ഷം രൂപവരെയും, ഗുരുതര രോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും മറ്റ് ചികിത്സയ്ക്ക് 20,000/- രൂപ വരെയും നൽകുന്നു. സാമ്പത്തികമായി പിന്നാക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000/- രൂപ നൽകുന്നു. കൂടാതെ, അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെ ധനസഹായവും നൽകുന്നു.<br><br>**2. NDPREM:-** തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. |

3. **പ്രവാസി ഭദ്രത:-** കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, 'പ്രവാസി ഭദ്രത' എന്ന പേരിൽ ആരംഭിച്ചു. തിരികെയെത്തിയ പ്രവാസി കേരളീയർക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

a) **നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത – പേൾ)**

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

b. **മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ)**

വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, KSFE തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ലഭിക്കുന്നത്. അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്നതാണ്.

c. **പ്രവാസി ഭദ്രത - മെഗാ**

സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5%

ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും.

**4. ഗ്ലോബൽ കോൺടാക്ട് സെന്റർ:-**
ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്ക മുഖാന്തിരം ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്ട് സെന്റർ ആരംഭിച്ചു.

**5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം:-**
പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റതവണ ധനസഹായം നൽകുന്നു.

**6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്:-**
കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി. ആർട്ട്സ് ആന്റ് സയൻസ് ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും പ്രവേശനം നേടി ആദ്യ വർഷമാണ് സ്കോളർഷിപ്പ് നൽകുക. 20,000 രൂപയാണ് ടി പദ്ധതി പ്രകാരം വിദ്യാർത്ഥിക്ക് ലഭിക്കുക.

**7. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ:-**
പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി- യുടെ ലക്ഷ്യം.

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്ത് വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങി എത്തുന്ന പ്രവാസികൾക്കായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകിവരുന്ന വിവിധ സഹായങ്ങളും പദ്ധതികളും ചുവടെ കാണാവുന്നതാണ്.**<br><br>2009 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെ വ്യവസ്ഥകളനുസരിച്ച് കുറഞ്ഞത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തു തിരിച്ചു വരുന്ന പ്രവാസി കേരളീയർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗത്വമനുവദിക്കുന്നുണ്ട്. വിവിധ ക്ഷേമ പദ്ധതികളായ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം തുടങ്ങിയവ അംഗങ്ങൾക്ക്/ ആശ്രിതർക്കായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് അനുവദിച്ചു വരുന്നു. |
| (ബി) | പ്രവാസികൾക്കായി നടപ്പിലാക്കുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (ബി) | നിലവിലില്ല. |
| (സി) | പ്രവാസികൾക്കായി കെ.എസ്.എഫ്.ഇ. മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | (സി) | പ്രവാസ ജീവിതം അവസാനിച്ച് നാട്ടിലേയ്ക്ക് തിരിച്ചെത്തി ഇവിടെ സംരംഭങ്ങൾ ആരംഭിക്കുന്നവരെ സഹായിക്കാനായി നോർക്ക റൂട്ട്സുമായി ചേർന്ന് പ്രവാസി ഭദ്രതാ മൈക്രോ സ്കീം (PBMS) എന്ന പദ്ധതി 25.10.2021 മുതൽ ആരംഭിച്ചു. ഇത് പ്രകാരം പ്രവാസികൾക്ക് 5 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതാണ്. വായ്പ തുകയുടെ 25% പരമാവധി 1 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും ഈ വായ്പ ഉപയുക്തമാക്കുന്നവർക്ക് ലഭിക്കുന്നതാണ്. അതായത് 6% പലിശ നിരക്ക് മാത്രമേ അവർ വഹിക്കേണ്ടതുള്ളൂ. 31.07.2022 വരെ 4532 അക്കൗണ്ടുകളിലായി 214.58 കോടി രൂപ പ്രസ്തുത വായ്പാ പദ്ധതിയ്ക്ക് കീഴിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ കെ.എസ്.എഫ്.ഇ -യുടെ പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസി ക്ഷേമ നിധി അംഗങ്ങളുടെ ചിട്ടിക്കാലയളവിലുള്ള പ്രതിമാസ അംശദായം കെ.എസ്.എഫ്.ഇ നേരിട്ട് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലേക്ക് അടയ്ക്കുന്നതിന് കെ.എസ്.എഫ്.ഇ-യുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ